COCHIN LEGISLATIVE COUNCIL.

Tuesday, the *29th November 1934.* / *14th Vrischigam 1110.*

The House met at 11-30 A. M. in the Town Hall, Ernakulam, with M. R. Ry., P. Krishna Menon Avl., in the Chair. Messrs. Barton Wright, K. G. Nayar, P. S. Kesavan Nambudiri, S. S. Koder, K. T. Mathew, C. A. Ouseph, and Popatlal Goverdhan Lalan were absent.

Questions and Answers.

Aided School Teachers.

91. മിസ്റ്റർ കെ. പി. വള്ളോൻ:— മാനേജ്മെണ്ടിൽ നടത്തുന്ന സ്കൂളുകളിൽ മാസ്റ്റർജോലി നോക്കുന്നവർക്കു സർക്കാർ വക അലവൻസ് വാങ്ങി വേറെ വല്ല ജോലിയും നോക്കുവാൻ വിരോധമുണ്ടോ?

മിസ്റ്റർ എ. എൻ. മേനോൻ:— ഇതിനെ പറ്റി കൃത്യമായ നിയമമില്ല. ഓരോ അപേക്ഷയും അതാതിന്റെ ഗുണദോഷം പോലെ ആലോചിച്ചു തീർപ്പാക്കുന്നതാണു്.

മിസ്റ്റർ കെ. പി. വള്ളോൻ:— വേറെ വല്ല ഡിപ്പാർട്ടുമെൻറുകളിലും ജോലിനോക്കുന്ന ആളുകൾക്കു ഗ്രാൻറ് സ്കൂളുകളിൽ ജോലി നോക്കാമോ?

മിസ്റ്റർ എ. എൻ. മേനോൻ:— ഈ ചോദ്യം മാറ്റത്തു കൊണ്ടു മാറിച്ചു ചോദിച്ച കൂട്ടത്തിലായി. ഗ്രാൻറ് സ്കൂളുകളിൽ ജോലി നോക്കുന്നവർക്കു വേറെ വല്ല ജോലിയും നോക്കുവാൻ വിരോധമുണ്ടോ എന്നു ചോദിച്ചതിനു പ്രത്യേകിച്ചു നിയമമൊന്നുമില്ലെന്നു മറുപടി പറഞ്ഞിട്ടുണ്ടു്. ഓരോ അപേക്ഷകളും അതാതിന്റെ ഗുണദോഷമനുസരിച്ചു തീർപ്പാക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ:— ഇതല്ലാതെ വേറെ വല്ല നിയമങ്ങളും ഉണ്ടോ?

മിസ്റ്റർ എ. എൻ. മേനോൻ:— ഗവൺമെണ്ടിലെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെണ്ടിൽ ജോലിനോക്കുന്നവൻ വേറെ ജോലിക്കു പോകയില്ല.

മിസ്റ്റർ പി. കുമാരമെഴുത്തച്ഛൻ:— ഓരോ അപേക്ഷയും അതാതിന്റെ ഗുണദോഷംപോലെ ആലോചിച്ചു തീർപ്പാക്കുന്നതാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നു. എന്നാൽ അപേക്ഷിക്കാതെതന്നെ അവരുടെ സ്വാതന്ത്ര്യംപോലെ നോക്കുവാൻ അധികാരമുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—ഗവർമ്മെണ്ടനുവാദം കൂടാതെ വേറെ ജോലിക്കുപോകുവാൻ പാടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—അങ്ങിനെ പോയിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടു് അതിനെപറ്റി അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അനുവാദം കൂടാതെ ആരെങ്കിലും പോകുന്നുണ്ടെന്നും പോയിട്ടുണ്ടെന്നും ഉള്ള സംഗതി ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ തീർച്ചയായും അന്വേഷിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ:—വെളിയനാട്ടു് മങ്ങാട്ടു് പള്ളിക്കൂളിൽ ജോലിനോക്കുന്ന മിസ്റ്റർ ശങ്കുണ്ണി എന്ന ആളെ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ ഒരു വാർഡനായി നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—എനിക്കറിവില്ല.

Sankunni—Appointed as Warden.

92. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) സംരക്ഷണവകുപ്പിൽ മുളന്തുരുത്തുകാരൻ ശങ്കുണ്ണി എന്നൊരാളെ വാർഡനായി നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടിയാനെ എതെല്ലാം സ്ഥലത്താണു് ജോലി നോക്കുവാൻ നിയമിച്ചിട്ടുള്ളതു്?

രാമവർമ്മതമ്പുരാൻ:—(എ) ഉണ്ടു്.

(ബി) പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ അധികൃതകാളനികളിൽ.

മിസ്റ്റർ കെ. പി. വള്ളോൻ:—പൂളിക്കാമലി, ആരാകുന്നം, കാരിക്കോട്ടു്, തലക്കോട്ടു് എന്നീ കാരോ അധികൃതകാളനികളും തമ്മിൽ എത്ര അകലം ഉണ്ടെന്നു പറയാമോ?

രാമവർമ്മതമ്പുരാൻ:—അന്വേഷിച്ചു വേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ:—എങ്കിലും ഒരു ഉദ്ദേശം പറയാമോ?

രാമവർമ്മതമ്പുരാൻ:—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—മിസ്റ്റർ ശങ്കുണ്ണി എന്ന ആൾക്കു മങ്ങാട്ടു പള്ളിക്കൂളിൽ ജോലിയുണ്ടോ എന്നു് അന്വേഷിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ:—അന്വേഷിക്കാം.

Watchers—Forest Department.

93. മിസ്റ്റർ കെ. പി. വള്ളോൻ:—(എ) ഫാറസ്റ്റു് ഡിപ്പാർട്ടുമെണ്ടിൽ എത്ര വാച്ചർമാരുണ്ടു്;

(ബി) ഇവരുടെ ഉദ്യോഗം സ്ഥിരമോ അല്ലയോ;

LIBRARY ARCHIVES Kerala Legislative Assembly